മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, ശ്രീ. ഗോപാലക്കുറുപ്പ് ഉന്നയിച്ച ഈ പ്രശ്നം ഗവണ്മെൻറിൻെറ മുൻപിലുള്ള സജീവമായ ഒന്നാണ്. ഇവിടത്തെ പ്രൈമറിസ്കൂൾ അദ്ധ്യാപകർ മാത്രമല്ല, ചുരുങ്ങിയ ശമ്പളംകൊണ്ട് ജീവിക്കുവാൻ നിർബന്ധിതരായഎല്ലാവിഭാഗം ആളുകളും വളരെ ക്ലേശിച്ചാണ് കഴിയുന്നതെന്നുള്ള കാര്യം ഗവണ്മെൻറിനറിയാം. പ്രൈമറിസ്കൂൾ അദ്ധ്യാപകർ ഈ വിഷയത്തിൽ ഇതിനു മുൻപെടുത്തിട്ടുള്ള നടപടികളെല്ലാം ഗവണ്മെൻറിനറിയാം അദ്ധ്യാപകന്മാരുടെയിടയിൽ ഇതു സംബന്ധിച്ച് വളരെ അസ്വാസ്ഥ്യമുണ്ടെന്നുള്ള വിവരവും ഗവണ്മെൻറിനറിയാം. എന്നാൽ അദ്ധ്യാപകരുടെ ഇപ്പോഴത്തെ ആവശ്യങ്ങളെല്ലാം തൽക്കാലം നിറവേറ്റാൻ പ്രയാസമുണ്ട്. അവരുടെ പ്രതിനിധികളുമായി സംസാരിച്ച് കാര്യങ്ങൾ അവരെ ഗ്രഹിപ്പിക്കുകയും, ഏതെങ്കിലും തരത്തിൽ അവർക്ക് സംതൃപ്തിയുണ്ടാക്കാൻ വല്ലതും ചെയ്യുകയും വേണമെന്നു ഗവണ്മെൻറിനു അഭിപ്രായമുണ്ട്. ഈ നിവേദനം കിട്ടിയതിനുശേഷം അവരുടെ പ്രതിനിധികളെ വിളിച്ച് അവരുമായി സംസാരിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അവരെ അടുത്ത ഏതാനും ദിവസങ്ങൾക്കകം കാണുന്നതും, അവർ ഉന്നയിക്കുന്ന ഈ ആവശ്യങ്ങളെ സംബന്ധിച്ച അവരുമായി സംസാരിക്കുകയും അവർ ഇപ്പോൾ പറയുന്നതുപോലുള്ള പ്രത്യക്ഷ സമരപരിപാടികളും മറ്റും ചെയ്യാൻ ഇടയാകാത്ത സാഹചര്യമുണ്ടാക്കി അവരെ അതിൽനിന്നു പിൻതിരിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുക ആവശ്യമാണെന്നു ഗവണ്മെൻറു കരുതുന്നു. അതിൻെറ ആദ്യപടി എന്നുള്ള നിലയിൽ അവരുമായി സംഭാഷണം നടത്തുന്നതാണ്, അതിനു അവർക്ക് അറിയിപ്പ് അയച്ചുകഴിഞ്ഞിട്ടുണ്ടെന്നാണ് എൻെറ ഓർമ്മ. ഇപ്പോൾ അതു അയച്ചുകാണും. ഏതാനും ദിവസം മുൻപു അപ്രകാരം ചെയ്യാൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആ നിലയ്ക്ക് ബഹുമാനപ്പെട്ട മെംബർ ഇവിടെ നിർദ്ദേശിച്ച തരത്തിൽ ഇവിടത്തെ ഗവണ്മെൻറ് ഈ വിഷയത്തിൽ മുന്നോട്ടു നീങ്ങുന്നു എന്നുള്ള സമാധാനം അവർക്കുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നു. അടിയന്തിരാവസ്ഥമൂലം കഴിഞ്ഞകൊല്ലം ഈ പ്രശ്നങ്ങളുടെ പരിചിന്തനം മാറ്റിവച്ചു എന്നു പറയുകയുണ്ടായി. അടിയന്തിരാവസ്ഥ ഇപ്പോഴും നിലനില്ക്കുകയാണ്. ഗവണ്മെൻറിൻെറ വൈഷമ്യങ്ങളും അവസാനിച്ചിട്ടില്ല എന്ന വസ്തുതയും ബന്ധപ്പെട്ടവർ ഓർക്കുന്നതു നല്ലതായിരിക്കും. അദ്ധ്യാപകരുടെ വിരോധിയാണ് ഈ ചീഫ് മിനിസ്റ്റർ എന്നൊരു പ്രചരണം ആരോ സൗകര്യത്തിനു വേണ്ടി ഉണ്ടാക്കിയിട്ടുണ്ട്. ഒരു അദ്ധ്യാപകൻകൂടിയായിരുന്നിട്ടുള്ള ചീഫ് മിനിസ്റ്റർക്ക് അവരുടെ പ്രയാസങ്ങളെപ്പറ്റി നല്ലവണ്ണം അറിയാം. അവരുടെ മനോവ്യാപാരങ്ങളെപ്പറ്റി സാമാന്യമായി അറിയാം. അദ്ധ്യാപകരോട് വളരെയേറെ അനുഭാവമുള്ള ഒരാളാണ് ഈ ചീഫ് മിനിസ്റ്റരെന്നുള്ള കാര്യം അവർ കുറേ കഴിഞ്ഞെങ്കിലും മനസ്സിലാക്കാതിരിക്കുകയില്ലെന്നു വിശ്വസിക്കാം.

Presentation of Reports.

Chief Minister (**Shri R. Sankar**) : Sir, I present the Report of the Select Committee on the General Sales Tax (Validation) Bill, 1964.

Minister for Public Health (**Shri M. P. Govindan Nair**) : Sir, I present the Report of the Select Committee on the Nurses and Midwives (Amendment) Bill, 1963. Smt. K. R. Gouri has given a dissenting minute.

LIBRARY ARCHIVES Kerala Legislative Assembly